കലാ-കായിക വിദ്യാഭ്യാസം

17 (2475) ശ്രീ. ടി. വി. രാജേഷ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളിലൂടെയുള്ള കലാ-കായിക വിദ്യാഭ്യാസം സംബന്ധിച്ച സർക്കാർ നയം വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ കലാ-കായിക അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ; സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി ഇതിന് തടസ്സമായിട്ടുണ്ടോ ;

(ഡി) ഈ ഒഴിവുകളിലേക്ക് അദ്ധ്യാപക ബാങ്കിൽ നിന്ന് ഭാഷാദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ ; ഇവർക്ക് വേതനം നൽകുന്നത് ഏത് ഫണ്ടിൽ നിന്നാണ് ;

(ഇ) കായികാദ്ധ്യാപകരുടെ ഒഴിവുകളിലേക്ക് ഭാഷാദ്ധ്യാപകരെ നിയമിക്കുന്നത് കായിക വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയ്ക്ക് കാരണമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(എഫ്) കലാ-കായിക അദ്ധ്യാപകരുടെ ഒഴിവുകൾ ഈ വിഷയങ്ങളിൽ നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കലാ-കായിക വിദ്യാഭ്യാസത്തിനുള്ള അദ്ധ്യാപക നിയമനം ബന്ധപ്പെട്ട കെ.ഇ.ആർ. വ്യവസ്ഥകൾ പ്രകാരമാണ് നിലവിൽ തുടരുന്നത്.

(ബി) 125.

(സി) 2015-16-ലെ തസ്തിക നിർണ്ണയത്തിനുശേഷം ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സാമ്പത്തിക പ്രതിസന്ധി ഇതിന് തടസ്സമാകില്ല.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കായിക അദ്ധ്യാപക തസ്തികയിൽ ഭാഷാദ്ധ്യാപകരെ നിയമിച്ചിട്ടില്ല എന്നതിനാൽ നിലവാര തകർച്ച ഉണ്ടായിട്ടില്ല.

(എഫ്) 2015-2016 - ലെ തസ്തിക നിർണ്ണയത്തിന് ശേഷം നടപടി സ്വീകരിക്കുന്നതാണ്.

ആർ.എം.എസ്.എ.പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകൾ

18 (2481) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. പദ്ധതി പ്രകാരം എത്ര ഹൈസ്കൂളുകളാണ് പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഈ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) ആർ.എം. എസ്. എ. സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ ആനുപാതികമായി സ്ഥിരാദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(ഇ) ആർ.എം. എസ്. എ. സ്കൂളുകളിൽ ഇനിയും അംഗീകാരം ലഭിക്കാത്ത എത്ര സ്കൂളുകൾ ഉണ്ട്, അവർക്ക് അംഗീകാരം കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ) ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രഡ് ചെയ്ത് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം 2011-12 മുതൽ 2014-15 വർഷം സ്കൂൾ ഗ്രാന്റ് ഇനത്തിൽ വിതരണം നടത്തിയ ടി തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു. എല്ലാ ആർ.എം.എസ്.എ. ഹൈസ്കൂളുകൾക്കും നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly